# ഭൂമിക്ക് എന്തു സംഭവിക്കുന്നു?

Giving Light to Our World

## ഭൂമിക്ക് എന്തു സംഭവിക്കുന്നു?

ഭൂമിയെന്ന നമ്മുടെ ഗ്രഹം ഈ കാലഘട്ടത്തിൽ ഗതി മാറിപ്പോകുന്നതുപോലെ തോന്നുന്നില്ലേ? ഇനിയും വേറൊരു ഭൂകമ്പം, ഒരു വൻതീപിടിത്തം, മറ്റൊരു വെള്ളപ്പൊക്കം, ആയിരങ്ങളെയും പതിനായിരങ്ങളെയും മരണത്തിന്റെ മരവിപ്പിലും നിത്യതയിലും തള്ളിയിടുന്ന കൊടുങ്കാറ്റുകൾ എന്നിവ ആഴ്ച തോറും പുതിയ വാർത്തകളായി നാം കേൾക്കുന്നുണ്ട്. പല വാർത്തകളും ഹൃദയഭേദകമായവ! ലോകത്തിന് ഭ്രാന്ത് പിടിച്ചോ?

വാർത്തകൾ കണ്ടത് കൊണ്ടുമാത്രം ഇതിനുള്ള ശരിയായ ഉത്തരം നാം കണ്ടെത്തുകയില്ല. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി, ഈ ഭീകര സംഭവങ്ങളെല്ലാം ദിനംതോറും വർദ്ധിച്ചു വരുന്നതിന്റെ നിജസ്ഥിതി നൂറു ശതമാനം കൃത്യതയോടെ മനസ്സിലാക്കണമെങ്കിൽ ഈ തലമുറയിൽ സംഭവിക്കേണ്ടത് പ്രവചനങ്ങളായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു അതിപുരാതന പുസ്തകത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിയേണ്ടത് ആവശ്യമാണ്.

ബൈബിൾ എന്ന ആ ഗ്രന്ഥത്തിലെ അവസാന പുസ്തകമായ വെളിപ്പാട് യേശുവിന്റെ

വീണ്ടും വരവിന് തൊട്ടുമുമ്പ് ഭൂഗോളനാശം സംഭവിക്കാതിരിപ്പാൻ ഭൂമിയുടെ നാലു കോണിലും സ്വർഗ്ഗീയമാലാഖമാർ നിന്നുകൊണ്ട് നാശത്തിന്റെ കാറ്റുകളെ പിടിച്ചിരിക്കുന്നു എന്ന വിവരിക്കുന്നു. "അതിന്റെ ശേഷം ഭൂമിന്മേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റ് ഊതാതിരിക്കേണ്ടതിന് നാലു ദൂതന്മാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊണ്ട് ഭൂമിയുടെ നാലു കോണിലും നിൽക്കുന്നത് ഞാൻ കണ്ടു. മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കു നിന്ന് കയറുന്നതും ഞാൻ കണ്ടു. അവൻ ഭൂമിയ്ക്കും സമുദ്രത്തിനും കേടു വരുത്തുവാൻ അധികാരം ലഭിച്ച നാലു ദൂതന്മാരോട് നമ്മുടെ ദൈവത്തിന്റ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ട് കഴിയുവോളം ഭൂമിയ്ക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടുവരുത്തരുതെന്ന് ഉറക്കെ വിളിച്ചുപറഞ്ഞു" (വെളിപാട് 7:1- 3).

"ഭൂമിയിലെ നാലു കാറ്റ്" ആഗോള വ്യാപക പ്രതിസന്ധികൾ, യുദ്ധങ്ങൾ, പ്രകൃതിദുരന്തങ്ങൾ എന്നിവയെ സൂചിപ്പിക്കുന്നു. കാറ്റുകളെ പിടിച്ചുകൊണ്ടു നില്ക്കുന്ന "നാല് ദൂതന്മാർ" ഭൂമിയ്ക്ക് ആഗോളനാശം സംഭവിയ്ക്കാതെ

കാത്തുസൂക്ഷിക്കുന്ന കൃപാലുവായ സൃഷ്ടിതാവിന്റെ മഹാകാരുണ്യത്തെ വെളിവാക്കുന്നു. പക്ഷെ ദൈവത്തിന്റെ മഹാദിവസത്തോടു നാം അടുത്തു വരുംതോറും ഈ കാവൽക്കാർ അവരുടെ പിടി ക്രമേണ വിട്ടുകളയുന്നു. അപ്പോൾ സാത്താന്യ ശക്തികളുടെ സംഹാരതാണ്ഡവം ഇതിലധികം വർദ്ധിച്ചു വരും. മരണം വിതക്കുന്ന ഭീകരനാശ സംഭവങ്ങൾ ദിനംതോറും വർദ്ധിച്ചുവരുന്നതിന്റെ യഥാർത്ഥകാരണം ഇതാണ്. ഇതിനെക്കുറിച്ച് ഒരു ഉദ്ധരണി ഇപ്രകാരം പറയുന്നു. "ഭീകരതകളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്ന ദൈവാത്മാവ് കുറെശ്ശെയായി ഭൂമിയിൽ നിന്ന് എടുക്കപ്പെട്ടു കൊണ്ടിരിക്കുന്നു." ചുഴലികൊടുങ്കാറ്റുകൾ, ഭൂകമ്പങ്ങൾ, വൻതീപിടുത്തം, ജലപ്രളയങ്ങൾ, കരയിലും കടലിലുമുള്ള വിപത്തുകൾ എന്നിവ അടിയ്ക്കടി വർദ്ധിയ്ക്കുന്നു. ഇതിന്റെയെല്ലാം കാരണം അന്വേഷിച്ച് ശാസ്ത്രലോകം പരക്കം പായുന്നു. ദൈവപുത്രന്റെ വീണ്ടും വരവ് അറിയിക്കുന്ന അടയാളങ്ങളാണ് ഇവയെന്ന് ചിന്തിക്കാതെ അവർ മറ്റു പലതിലേക്കും തിരിഞ്ഞ് പരതുന്നു. ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിമേൽ ദൈവം മുദ്രപതിക്കുന്നതുവരെമാത്രം ഈ കാവൽദൂതന്മാർ നാലുകാറ്റുകളെ പിടിച്ചുകൊ

ണ്ടിരിക്കുമെന്ന് മനുഷ്യർ തിരിച്ചറിയുന്നില്ല. കാറ്റുകളെ വിട്ടുകളവാൻ ദൈവം കല്പിക്കുമ്പോൾ ഒരുപേനക്കും വർണ്ണിപ്പാനാകാത്ത ഭീകരസംഭവങ്ങൾ ഭൂമിമേൽ ഉണ്ടായിക്കൊണ്ടിരിക്കും".

സത്യാവസ്ഥ വളരെ വ്യക്തമായി ഇത് വിശദമാക്കുന്നു. സർവ്വകലാശാലകളിൽ പരിശീലനം ലഭിച്ച ശാസ്ത്രജ്ഞന്മാർക്ക് ഇക്കാര്യത്തിൽ മറ്റു വിശദീകരണങ്ങളുണ്ട്. "കരയിലും കടലിലുമുള്ള വിപത്തുകൾ" വർദ്ധിച്ചുവരുന്നതിന്റെ കാരണം ലോകത്തിൽ നിന്ന് ഇന്നുതന്നെ ദൈവത്തിന്റെ നിയന്ത്രണാത്മാവ് പിൻവലിക്കപ്പെട്ടു കൊണ്ടിരിക്കുന്നു എന്നുള്ള സത്യമാണ്. പക്ഷെ എന്തുകൊണ്ട്? ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടികർത്താവ് തന്നെ സൃഷ്ടിച്ചു, സ്നേഹിച്ചു, രക്ഷിപ്പാൻ ആഗ്രഹിച്ച് പരിപാലിക്കുന്ന മനുഷ്യവർഗ്ഗം ആ ദൈവത്തിന്റെ കരം അവരിൽ നിന്ന് പിൻവലിക്കുവാൻ എന്തു ദോഷമാണ് ചെയ്തുകൊണ്ടിരിക്കുന്നത്? അതിന്റെ ഉത്തരം അതിശയകരമാണെങ്കിലും ലളിതമാണ്. ഈ ലോകത്തിലെ ഓരോ ഭൂഖണ്ഡങ്ങളിലും, പുകപടലം നിറഞ്ഞ ഓരോ വൻനഗരങ്ങളിലും, സമുദ്ര മദ്ധ്യേയുള്ള ദ്വീപുകളിലുമെല്ലാം ഭൂവാ

സികൾ ഭയാനകമായ അനന്തരഫലമെന്തെന്നറിയാതെ ഹൃദയ കാഠിന്യത്തോടും തുടർച്ചയായും പരസ്യമായി തന്നെ ദൈവത്തിന്റെ വിരൽ കൊണ്ട് എഴുതപ്പെട്ട പത്തു കല്പനകളെ ലംഘിച്ചുകൊണ്ടിരിക്കുകയാണ്(പുറപ്പാട് 31:18). "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്" (എഫെ.4:30). ദൈവഭയമില്ലാത്തവരും, സന്തോഷത്തിനു പരക്കം പായുന്നവരും, തിന്നു കുടിച്ചു കൂത്താടുന്നവരുമായ ജനസഞ്ചയം ഏഴു ദിവസത്തിലെ എല്ലാ മണിക്കൂറും ഇതു തന്നെ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവകരം ഭൂമിയിൽ നിന്ന് പിൻവലിക്കപ്പെടുന്നതിന്റെ യഥാർത്ഥകാരണം ഇതുതന്നെയാണ്.

ദൈവത്തിന്റെ പത്തു കല്പനയുടെ ലളിതമായ ചുരുക്കം ഇതാണ്. 1) ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കുക 2) വിഗ്രഹങ്ങളെ സേവിക്കാതിരിക്കുക 3) ദൈവനാമത്തെ ബഹുമാനിക്കുക 4) ഏഴാം ദിവസത്തെ വിശുദ്ധമായി ആചരിക്കുക 5) മാതാപിതാക്കളെ ബഹുമാനിക്കുക 6) കൊല ചെയ്യരുത് 7) വ്യഭിചാരം ചെയ്യരുത് 8) മോഷ്ടിക്കരുത് 9) കള്ളം പറയരുത് 10) മോഹിക്കരുത് (പുറപ്പാട് 20:3-7 വായിക്കുക)

ദൈവത്തിന്റെ പുസ്തകപ്രകാരം പത്തു കല്പനകൾ ലംഘിക്കുന്നതാണ് പാപം (1 .യോഹന്നാൻ 3:4). എന്നാലും ദൈവം "തന്റെ ഏകജാതനായ പുത്രനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" കൊണ്ട് കല്പനാലംഘനം നിമിത്തമുണ്ടായ പാപത്തിന്റെ ശിക്ഷ ക്രൂശിന്മേൽ നമുക്കു വേണ്ടി വഹിച്ചു. "ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു" എന്നതാണ് സ്വർഗ്ഗം തരുന്ന സുവാർത്ത. അനുതപിച്ച് മനം തിരിഞ്ഞ് രക്ഷകനിൽ വിശ്വാസം അർപ്പിച്ചാൽ "നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ ദൈവം വിശ്വസ്തനും നീതിമാനുമാകുന്നു" (1 യോഹാൻ 1:9) ഇത് ചെയ്തു കൊണ്ട് ദൈവത്തിന്റെ പത്തു കല്പന അനുസരിക്കുന്നവരെല്ലാം ഈ അന്ത്യകാലത്ത് നെറ്റിമേൽ ദൈവത്തിന്റെ മുദ്ര ഏല്ക്കുന്നവരായി തീരും (വെളിപാട് 7:2, 3). നാല് കാറ്റുകൾ പൂർണ്ണമായി വിട്ടുകൊടുക്കപ്പെടുകയും സാത്താൻ സമ്പൂർണ്ണ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്യുമ്പോൾ ഇപ്രകാരമുള്ള ദൈവമക്കൾ ദൈവകരങ്ങളിൽ സുരക്ഷിതരായിരിക്കും (വെളിപാട് 12:9)

വൻ നശീകരണം വരുത്തുന്ന അതിക്രൂരമായ ഭൂകമ്പങ്ങൾ കൊലയാളികളായ സുനാമികൾ, കത്തിപ്പടരുന്ന കോപാഗ്നി, കവിഞ്ഞൊഴുകുന്ന ജലപ്രളയം, സംഹാരതാണ്ഡവമാടുന്ന ചുഴലി കൊടുങ്കാറ്റുകൾ എന്നിവ സാത്താൻ കൊണ്ടുവരുമ്പോൾ ദൈവം അത് അനുവദിച്ചു കൊടുക്കുന്നതിൽ പ്രത്യേകമായൊരു ഉദ്ദേശ്യമുണ്ട്. ഇതിന്റെ എല്ലാം മദ്ധ്യേ "മാനസാന്തരപ്പെടുക!". എന്നൊരു അത്യാവശ്യ വിളിയും ദൈവം അയക്കുന്നു. പക്ഷെ, അതു ശ്രദ്ധിക്കുന്നവർ ചുരുക്കം. വെളിപ്പാടുപുസ്തകം ശ്രദ്ധയോടു പഠിച്ചാൽ നാം കാണുന്നത്; ആത്മാർത്ഥതയുള്ളവരാണെങ്കിലും വഴിതെറ്റിപ്പോയ സഭാനേതാക്കന്മാർ തിരുവെഴുത്തിനെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് ഈ നാശത്തിന്റെ എല്ലാം കാരണം ഞായറാഴ്ച്ച വിശുദ്ധമായി ആചരിക്കാത്തതാണെന്നു പഠിപ്പിക്കും. ഏഴാംദിന ശബ്ബത്തായ ശനിയാഴ്ച്ച വിശുദ്ധ ദിവസമാണെന്നു പത്തു കല്പനയിൽ കാണുന്നത് അവരുടെ കണ്ണുകൾ കാണാതെ പോകുന്നു. ഇന്നത്തെ സംഭവഗതികളുടെ വ്യാഖ്യാനം ഈ രീതിയിൽ നിങ്ങൾ കേൾക്കുമ്പോൾ വിഡ്ഢികളായി തീർന്നു പോകരുത്. പുറപ്പാട് 20:8 - 11, വെളിപ്പാട് 14:12 എന്നിവ വായിക്കുക. സത്യം എന്തെന്ന്

ബൈബിൾ തന്നെ വെളിപ്പെടുത്തുന്നു.

സുപ്രസിദ്ധ സുവിശേഷകനായിരുന്ന ഡി. എൽ.മൂഡി 1871 ഒക്ടോബർ 8-ാം തിയ്യതി രാത്രി ചിക്കാഗോ പട്ടണത്തിൽ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ കേൾവിക്കാരായിരുന്നവൻജനാവലിയെ യേശു ക്രിസ്തുവിനെ സ്വീകരിക്കുവാനുള്ള തീരുമാനത്തിലേക്കു ആഹ്വാനം ചെയ്യാൻ പരിശുദ്ധാത്മാവ് അദ്ദേഹത്തെ നിർബ്ബന്ധിക്കുകയായിരുന്നു. പക്ഷെ മൂഡി അതു ചെയ്തില്ല. തുടർന്നുള്ള ആഴ്ച അങ്ങനെ ചെയ്യാമെന്നു അദ്ദേഹം ചിന്തിച്ചു. പക്ഷെ ആ ജനാവലി പിന്നെ വന്നതേയില്ല. അന്ന് ആ പട്ടണത്തെ നടുക്കിയ വൻതീപിടിത്തം പ്രസംഗം അവസാനിച്ചപ്പോൾ തന്നെ ഉണ്ടായിക്കഴിഞ്ഞു. നൂറുക്കണക്കായ മനുഷ്യരെ ദഹിപ്പിച്ചുകൊണ്ട് അത് രണ്ടു ദിവസം തുടർന്നുകൊണ്ടിരുന്നു. താനത് അന്ന് ചെയ്യാത്തതിൽ മൂഡി പിന്നീട് ദു:ഖിതനായിരുന്നു.

പ്രിയ സ്നേഹിതാ, മാരകമായ സർവ്വനാശം ഏതു നിമിഷവും ഉണ്ടാകാം. നാളെ നാം ചിലപ്പോൾ മരണപ്പെട്ടുപോയെന്നും വരാം. ഹൃദയവേദനയുടെയും ജീവിതനാശത്തിന്റെയും മദ്ധ്യേ ദൈവവും കഷ്ടം അനുഭവിക്കുന്നു. ദൈവപു

ത്രൻ ക്രൂശിൽ മരിച്ചപ്പോൾ എന്ന പോലെ തന്നെയാണത്. എന്നെങ്കിലും ഒരു ദിവസം പാപത്തിന്റെ ദുർഗ്ഗന്ധം അപ്രത്യക്ഷമാകും. “ഇനി മരണം ഉണ്ടാകയില്ല; ദു:ഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേത് കഴിഞ്ഞു പോയി” എന്ന് നമ്മുടെ ധൈര്യത്തിനു വേണ്ടി ദൈവവചനം നമുക്ക് വാഗ്ദാനം തരുന്നു(വെളിപ്പാട് 21:5). സ്വർഗ്ഗരാജ്യം നിങ്ങൾക്ക് നഷ്ടമാകയില്ല എന്ന് ഉറപ്പുവരുത്തുക. ഇന്നു തന്നെ യേശു ക്രിസ്തുവിനെ കൈക്കൊള്ളുക.

കൂടുതൽ പഠനത്തിന്:

mathewcdplakal@gmail.com

---

Scripture taken from the New King James Version®. Copyright © 1982 by Thomas Nelson, Inc. Used by permission. All rights reserved.

Cover image: ©iStockphoto.com

GIVING LIGHT TO OUR WORLD

## More on This Topic

Scan the QR code or visit the link below.

www.hopetv.org/glow-peace

Hope Channel DIRECTV Channel 368



## Free Bible Studies

You can also contact us for information about our free Bible study plans and literature.

**www.glowonline.org**